**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 800** **06-12-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ യുവ സഹകരണ സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാസർഗോഡ് ജില്ലയിൽ രജിസ്റ്റർ ചെയ്ത യുവ സഹകരണ സംഘങ്ങൾ ഏതെല്ലാമാണെന്നും അവയുടെ പ്രവർത്തന പുരോഗതിയും വിശദമാക്കുമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ സർക്കാരിന്റെ ആദ്യഘട്ട നൂറുദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി 3യുവജന സഹകരണ സംഘങ്ങളും രണ്ടാംഘട്ട നൂറുദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി 1 എസ്.ടി യുവജന സഹകരണ സംഘവും രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്നു. ടി സംഘങ്ങളുടെ പേരും പ്രവർത്തന പുരോഗതിയും ചുവടെ ചേർക്കുന്നു.<br><br>1. <u>കാസർഗോഡ് യുവജന സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.588</u> കാസറഗോഡ് താലൂക്കിൽ കാസറഗോഡ് യുവജന സഹകരണ സംഘം ക്ലിപ്തം നമ്പർ കെ 588, 09.08.2021 ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്നുണ്ട്. കേരളത്തിലെ 140 നിയമസഭാ മണ്ഡലങ്ങളിലും മിതമായ നിരക്കിൽ ഭക്ഷണം വിതരണം ചെയ്യുന്നതിനായുള്ള സർക്കാരിന്റെ സുഭിക്ഷ ഹോട്ടൽ, സംഘത്തിന്റെ കീഴിൽ ബേഡഡുക്ക ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്നുണ്ട്. ഇപ്രകാരം 5 പുതിയ തൊഴിലവസരങ്ങൾ സംഘം സൃഷ്ടിച്ചിട്ടുണ്ട്.<br>2. <u>യുവാസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ. 589</u> കാസറഗോഡ് ജില്ലയിൽ ഹൊസ്ദുർഗ്, വെള്ളരിക്കുണ്ട് താലൂക്കുകൾ മുഴുവൻ പ്രവർത്തന പരിധിയായി നിശ്ചയിച്ച് 10.08.2021 ന് യുവാസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.589 എന്ന യുവജന സഹകരണ സംഘം രൂപീകരിച്ചു. ഉല്പാദന മേഖലകളായ കൃഷി, ഐ.ടി, വ്യവസായം, സേവന മേഖലകൾ എന്നിവയിൽ അധിഷ്ഠിതമായ സംരംഭങ്ങൾ ആരംഭിച്ച് അംഗങ്ങളുടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നതി കൈവരിക്കുക |

| | | | | |
|---|---|---|---|---|
| | | | | എന്നതാണ് പ്രസ്തുത സംഘത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ.<br>3. കാസർഗോഡ് വ്യാപാര യുവ സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.590<br>കാസറഗോഡ് ജില്ലയിൽ കാറഡുക്ക ബ്ലോക്കിലെ ബെള്ളൂർ പഞ്ചായത്ത് ഒഴികെയുള്ള മുഴുവൻ പ്രദേശങ്ങളും പ്രവർത്തന പരിധിയായി നിശ്ചയിച്ച് ഹൊസ്ദുർഗ്ഗ് താലൂക്കിൽ രാവണീശ്വരം ആസ്ഥാനമായി 01.09.2021 ന രൂപീകരിച്ച യുവജന സഹകരണ സംഘമാണ് കാസറഗോഡ് വ്യാപാര യുവ സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.590. ഉല്പാദന മേഖലകളായ കൃഷി, ഐ.ടി, വ്യവസായം, സേവന മേഖലകൾ എന്നിവയിൽ അധിഷ്ഠിതമായ സംരംഭങ്ങൾ ആരംഭിച്ച് അംഗങ്ങളുടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നതി കൈവരിക്കുക എന്നതാണ് സംഘത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ. പ്രാദേശികമായി കർഷകർ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങളും, അന്യസംസ്ഥാനങ്ങളിൽ നിന്നും അരി, പലവ്യഞ്ജനങ്ങൾ, കാലിത്തീറ്റ മുതലായവയും മിതമായ നിരക്കിൽ വാങ്ങി വെയർ ഹൗസുകളിൽ സൂക്ഷിച്ച് ജില്ലയിലെ ഏകദേശം 500 ഓളം റീട്ടെയിൽ ഷോപ്പുകളിൽ എത്തിക്കുന്നതാണ് സംഘത്തിന്റെ പ്രവർത്തനം.<br>4. കാസർഗോഡ് എസ്.ടി. യുവ സഹകരണ സംഘം ക്ലിപ്തം നമ്പർ കെ. 595<br>കാസറഗോഡ് എസ് . ടി . യുവ സഹകരണ സംഘം ക്ലിപ്തം നമ്പർ കെ 595 എന്ന സംഘം കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്കിൽ 19/05/2022 ന് രജിസ്റ്റർ ചെയ്ത് 15/07/2022 ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ